**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2929** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതി വൈജ്ഞാനിക തൊഴിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരള നോളജ് ഇക്കണോമി മിഷനും ഉന്നതി കേരള എംപവർമെന്റ് സൊസൈറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന ഉന്നതി വൈജ്ഞാനിക തൊഴിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനതയുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വിദ്യാഭ്യാസപരവും, ആരോഗ്യപരവും, സാമ്പത്തികപരവുമായ ഉന്നമനത്തിനും സാമൂഹ്യസുരക്ഷിതത്വം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും വിവിധ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും എസ്.സി/എസ്.റ്റി സംരംഭകരുടെ സ്വാശ്രയ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മറ്റുമായി രൂപീകരിച്ച സംഘടനയാണ് ഉന്നതി-കേരളാ എംപവർമെന്റ് സൊസൈറ്റി.<br><br>കേരള നോളജ് ഇക്കോണമി മിഷൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമായും ബന്ധപ്പെട്ട മറ്റ് ഏജൻസികളുമായും ചേർന്നുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനവും തൊഴിൽ സാധ്യതകളും പരിശോധിക്കുകയും 2026 ന് മുമ്പ് വിവിധഘട്ടങ്ങളിലായി വൈജ്ഞാനിക തൊഴിൽതൽപ്പരരായ 18നും 59നും ഇടയ്ക്ക് പ്രായമുള്ള പ്ലസ് ടു വിദ്യാഭ്യാസയോഗ്യതയോ അതിനു മുകളിലോ യോഗ്യതയുള്ളവരുമായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവർക്കായി റസിഡൻഷ്യൽ പരിശീലനത്തിലൂടെയോ ഓൺലൈൻ പരിശീലനത്തിലൂടെയോ തൊഴിൽ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കേരള നോളെജ് ഇക്കോണമി മിഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ തയ്യാറാക്കിയ DWMS - ഡിജിറ്റൽ വർക്ക് മാനേജ്മെന്റ് സിസ്റ്റം എന്ന തൊഴിൽ പോർട്ടൽ വഴിയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് സ്റ്റാർട്ട് അപ്പ് സിറ്റി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതിയിലേക്ക് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗം - 142256 പേർ<br><br>പട്ടികവർഗ്ഗ വിഭാഗം - 16723 പേർ<br><br>ഉന്നതി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി പട്ടികവർഗ്ഗ വികസനവകുപ്പിൽ ലഭ്യമായ ഏതാനും അപേക്ഷകളിൽ അപാകതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അപേക്ഷകൾ തിരികെ നൽകിയിട്ടുണ്ട്. കേരള നോളെജ് ഇക്കോണമി മിഷനിൽ ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു. |
| (സി) | ഇവർക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിന് റിക്രൂട്ട്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരള നോളെജ് ഇക്കോണമി മിഷന്റെ DWMS പ്ലാറ്റ്ഫോം വഴി വെർച്വൽ തൊഴിൽ മേളകൾ, ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാനുള്ള അവസരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രാദേശിക തൊഴിൽ മേളകൾ, ജില്ലാതല തൊഴിൽമേളകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ കേരള നോളെജ് ഇക്കോണമി മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ